പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2910 **29-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കാട് മേൽപ്പാലം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാത 544-ൽ പുതുക്കാട് ജംഗ്ഷനിൽ നിർമ്മിക്കുന്ന മേൽപ്പാലം പൂർണ്ണമായും തൂണുകളിൽ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) പുതുതായി ദേശീയപാതകളിൽ നിർമ്മിക്കുന്ന മേൽപ്പാലങ്ങൾ കോൺക്രീറ്റ് തൂണുകളിൽ മാത്രമേ നിർമ്മിയ്ക്കുകയുള്ളുയെന്ന കേന്ദ്ര ഉപരിതല ഗതാഗത, ദേശീയ പാത വകുപ്പ് മന്ത്രിയുടെ പ്രസ്താവന കണക്കിലെടുത്ത് മണ്ണുകൊണ്ട് നിർമ്മിക്കുന്ന റീടൈനിംഗ് ഭിത്തികൾക്ക് പകരമായി പില്ലറുകളിൽ തീർക്കുന്ന ഉയരപാതയാക്കി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ?

മറുപടി: കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം (MoRTH) കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി, സാങ്കേതികവും സാമ്പത്തികവുമായ സാധ്യതാ പഠനങ്ങളും പരിഗണിച്ച്, NH-544-ൽ പുതുക്കാട് ജംഗ്ഷനിൽ (Km 280+624) ഏകദേശം 75 മീറ്റർ സ്പാനോടുകൂടിയ ഒരു ഫ്ലൈഓവറിന്റെ നിർമ്മാണം ദേശീയപാത അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികൾ 14.03.2026-ൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം 13.03.2028-ഓടെ പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്നു. അപ്രോച്ച് റോഡുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഫ്ലൈഓവറുകളും തൂണുകളിൽ താങ്ങിനിർത്തുന്ന വയഡക്ട് (Viaduct) ആയി നിർമ്മിക്കണമെന്ന ആവശ്യത്തെക്കുറിച്ച് പരിശോധിച്ചതിൽ, അത് സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ലെന്ന് ദേശീയപാത അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ